# നിറക്കൂട്ട്

## GOVT HS VEILOOR

### LITTLE KITES 2018-19

# ഗവ . ഹൈസ്കൂൾ വെയിലൂർ

## ശാസ്തവട്ടം  പി.ഒ 695305




## ലിറ്റിൽ കൈറ്റ്സ് 2018-19



**ആശംസകളോടെ.......**

**പ്രിയമുള്ളവരെ,**

**വിവരസാങ്കേതിക വിദ്യയുടെ ഊർജ്ജം നിലനിർത്തുന്ന ലിറ്റിൽ കൈറ്റ്സ്- ഐ.ടി ക്ലബ്ബ് സർഗാത്മക സൃഷ്ടികളുടെ സമാഹാരവുമായി**



**കൂടുതൽ പ്രവർത്തന നിരതമാവുകയാണ് .കുട്ടികളുടെ ഭാവന പരിപോഷിപ്പിച്ച വരികളുടെയും എഴുത്തിന്റെയും ലോകമാണ് നിറക്കൂട്ട് എന്ന മാസികയിലൂടെ പ്രകാശിതമാവുന്നത്.കൂടുതൽ വായിക്കുവാനും ഐ.ടി മേഖലയിൽ പ്രാവീണ്യം നേടുവാനും ഉള്ള പ്രചോദനം ഈ മാസിക നൽകട്ടെയെന്ന് ആശംസിക്കുന്നു.**

**ഇ.നവാസ്**

**ഹെഡ്മാസ്റ്റർ**

# ആമുഖം

ഒരു നാടിന്റെ തന്നെ അഭിമാനമായി നിലകൊള്ളുന്ന വിദ്യാലയമാണ് 'വെയിലൂർ ഗവൺമെന്റ് ഹൈസ്കൂൾ'. വിവരസാങ്കേതിക വിദ്യയിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥി സമൂഹത്തി-നും അധ്യാപക സുഹൃത്തുക്കൾക്കും മുമ്പിൽ ഈ മാഗസിൻ 'നിറക്കൂട്ട്'അഭിമാനപൂർവ്വം സമർപ്പി ക്കട്ടെ.നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രാമീണ - മനസ്സും ഗതകാലസ്മരണകളും ഇതിന്റെ താളു-കളിൽ കാണാൻ കഴിയും.ഞങ്ങളുടെ ഈ-എളിയ സംരംഭത്തെ എല്ലാപേരുടെയും അം-ഗീകാരത്തിനായി സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

രാഹേഷ്.ആർ.എസ്

# ഉള്ളടക്കം


1. കാക്കയ്ക്കു മുണ്ടൊരു ആശ - ആകാശ് [കഥ]
2. എന്റെ നിഴൽ - നൗറിൻ [കവിത]
3. കല്ലും വീട്ടിലെ ഞണ്ട് - അഭിജിത്ത് എ.എം [ നാടൻപാട്ട്]
4. കേരളനാട് - അമർചന്ദ് [കവിത ]
5. പ്രപഞ്ചസത്യങ്ങൾ - അക്ഷര [കവിത]
6. മാർഗദീപം - പ്രജീഷ് [ലേഖനം]
7. ഉദ്ധരണികൾ - ആശാലക്ഷ്മി

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ -**

രാഹേഷ്.ആർ.എസ്

**എഡിറ്റേഴ്സ്**

ആകാശ്.ജി

അജേഷ്.എ

ആശാലക്ഷ്മി.എ.എസ്

നൗറിൻ.എസ്.എൻ

അക്ഷര.എ

ജസീന.ജെ

ദേവലക്ഷ്മി.ബി.ആർ



Littlekites class



Computer Lab




Littlekites students

# കാക്കയ്ക്കുമുണ്ടൊരു ആശ



പണ്ട് പണ്ട് കിളികൾക്കെല്ലാം ചാരനിറമായിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോഴാണ് ഒരോ പക്ഷിക്കൂട്ടത്തിനും ഓരോ നിറം വേണമെന്നചിന്ത ഉണ്ടായത്.അവർ  ഒരു നിവേദനവുമായി ദേവേന്ദ്രനെ സമീപിച്ചു.അദ്ദേഹം പറഞ്ഞു "ശരിയാണ്.നിങ്ങളുടെ സങ്കടം ഞാൻ മനസ്സിലാക്കുന്നു.നാളെത്തന്നെ നിങ്ങൾക്ക് നിറം തരാം എല്ലാവരും ഭൂമിക്കു നടുവിലുള്ള അരയാൽ ചുവട്ടിൽ വരിക". പക്ഷികൾക്ക് സന്തോഷമായി അവരെല്ലാം പിറ്റേന്ന് രാവിലെ അരയാലിന്റെ ചുവട്ടിൽ എത്തി.ഒട്ടും വൈകാതെ ദേവേന്ദ്രൻ എത്തി.അദ്ദേഹം പറഞ്ഞു." ഓരോ കൂട്ടരും ഓരോ കൂട്ടമായി നിൽക്കുക. കാ കാ കരയുന്നവർ ഒരു വശത്ത്,ചുണ്ട് ചുവന്നവർ മറ്റൊരു വശത്ത്, ചുണ്ട് നീണ്ടവർ വേറൊരു വശത്ത് അങ്ങനൊക്കെ ദേവേന്ദ്രൻ പക്ഷികളോട് പറഞ്ഞു.എല്ലാവരും വളരെ സന്തോഷത്തോടെ നിൽക്കുന്ന സമയത്ത് ദേവേന്ദ്രൻ പറഞ്ഞു കാ കാ എന്ന് കരയുന്നവർക്ക് കറുത്ത നിറം ഞാൻ നൽകുന്നു.ചുണ്ട് ചുവന്നവർക്ക് പച്ച നിറം നൽകുന്നു.ചുണ്ട് നീണ്ടവർക്ക് വെളുത്തനിറം നൽകുന്നു.ആ സമയത്ത് എല്ലാ കിളികൾക്കും സന്തോഷമായി". പക്ഷേ കാക്കകൾ മാത്രം വിഷമിച്ചിരുന്നു,

അപ്പോൾ ദേവേന്ദ്രൻ ചോദിച്ചു "നീ എന്താണ് വിഷമിച്ചിരിക്കുന്നത് "കാക്കകൾ പറഞ്ഞു "താങ്കൾ മറ്റുള്ളവർക്കെല്ലാം മനോഹരമായ വർണ്ണങ്ങൾ കൊടുത്തു.നമ്മൾക്ക്മാത്രം കറുത്തനിറം തന്നു .നമ്മുക്ക് ഈ കറുത്ത നിറം ഇഷ്ടപ്പെട്ടില്ല".ദേവേന്ദ്രൻ ചോദിച്ചു "നിനക്ക് ഏത് നിറമാണ് വേണ്ടത് അപ്പോൾ കാക്ക പറഞ്ഞു എനിക്ക് മഴവില്ലിന്റെ നിറമാണ് വേണ്ടത്"അപ്പോൾ ദേവേന്ദ്രൻമഴവില്ലിന്റെ നിറംകൊടുത്തു.അപ്പോൾ കാക്കയ്ക്കു സന്തോഷമായി അവർ പറന്നുപ്പോയി അപ്പോൾ ഈ പക്ഷിയുടെ സൗന്ദര്യം കണ്ട് മനുഷ്യർ ഈ പക്ഷിയെ പിടിച്ച് കൂട്ടിലിട്ട് വളർത്താൻ തുടങ്ങി.കാക്കകൾ ഇത് സഹിക്കാൻ വയ്യാതെ ദേവേന്ദ്രന്റെ അടുത്ത് ചെന്ന് പറഞ്ഞു നമ്മൾക്ക് നമ്മുടെ പഴയ നിറം മതി. കാരണം നമ്മുടെ സൗന്ദര്യം കണ്ട് നമ്മളെ പിടിച്ച് കൂട്ടിലിട്ട് വളർത്താൻ തുടങ്ങി.അതുകൊണ്ട് ഞങ്ങൾക്ക് നമ്മുടെ പഴയ നിറം മതിയെന്ന് കാക്കകൾ ദേവേന്ദ്രനോട് അപേക്ഷിച്ചു.അപ്പോൾ ദേവേന്ദ്രൻ കാക്കകൾക്ക് അവയുടെ പഴയ നിറം കൊടുത്തു.നിറം നൽകിയതിനുശേഷം ദേവേന്ദ്രൻ കാക്കകളോട് പറഞ്ഞു "നമ്മുക്ക് എന്താണോ തന്നിരിക്കുന്നത് അതുകൊണ്ട് ജീവിക്കുക"

ആകാശ് -9.A

# എന്റെ നിഴൽ



" ഇരുട്ടിലെ പിരിയാത്ത  നിഴലാണ്
കൂട്ടുകാർ
ഒരിക്കലും വിട്ടുപിരിയാത്ത നിഴൽ
ഇണങ്ങിയാലും പിണങ്ങിയാലും
കൂടെനിൽക്കുന്നവർ
ആഴക്കടലോളം സ്നേഹമുള്ളവർ "
സൗഹൃദം നീ എന്നെ പിരിഞ്ഞാൽ
നഷ്ടമാകുന്നത് നിഴൽ മാത്രം
കണ്ണാടി പോലുള്ള കൂട്ടുകാർ
എന്നും കൂടെയുണ്ടാവുമെന്നത്  സത്യമല്ലേ
ജീവിതത്തിൽ ദൈവം തന്ന
വരമാണ് സൗഹൃദം.
എന്നും നിലനിൽക്കുന്ന
ആത്മാർഥമായ ബന്ധം
ലോകത്ത് ആരും മറക്കാത്ത നിഴൽ
കണ്ണുനിറയുമ്പോൾ ആശ്വാസമാകുന്നവർ
എന്റെ സൗഹൃദം  എന്നും
അനർഘമായതാണ്

സൗഹൃദം എന്നും കടൽപോലെയാണ്
ഒരുപാട് വലുതാണ്, തീരാത്ത സൗഹൃദം
ഒരിക്കലും മറക്കാൻ കഴിയാത്ത ബന്ധം
ഒരിക്കലും അവസാനിക്കാത്ത കടൽ

സൗഹൃദം എന്നത് ഒരു കൂട്ടായ്മയാണ്
അതിൽ ഇണക്കങ്ങളുണ്ട് പിണക്കങ്ങളുണ്ട്
സത്യമുണ്ട് നന്മയുണ്ട് ആത്മാർഥതയുണ്ട്
കൂട്ടുകാർ കൂടെയുണ്ടെങ്കിൽ ജീവിതം
സഫലമായി

ഒറ്റയ്ക്കിരിക്കുമ്പോൾ ഒരിറ്റ് സ്നേഹം
തരുന്ന പിരിയാത്ത കൂട്ടുകാർ.
ജീവിതത്തിൽ എന്നും സൂര്യപ്രകാശമായി
എന്നും നിലനിൽക്കും സൗഹൃദം.

നൗറിൻ എസ് എൻ
9A

# കല്ലും വീട്ടിലെ ഞണ്ട്



കല്ലും വീട്ടിലെ ഞണ്ടേ
കല്യണത്തിനു പോണ്ടോ
എന്തെടുത്ത് പോവും ?
പട്ടടത്ത് പോവും
വഞ്ചി വലിക്കാനാര്
തെക്കേലത്തെ വാവ
വാവയ്ക്കെന്ത് കൂലി ?
എട്ടു പുത്തൻ കൂലി

അഭിജിത്ത് . എ .എം. 8 എ

# പ്രപഞ്ചസത്യങ്ങൾ

നയന മനോഹരമാമീ ധരണിയിൽ
വിരിയും ഓരോ പൂവിനും പുല്ലിനും
ജീവായുസ്സ് നിർവചിക്കുമ്പോഴും
എന്തേ ഭൂമിയിൽ നീർക്കുടങ്ങൾ തൻ
ജീവനറ്റു പോകുന്നു
വേരായി വളർന്നും പൂവായി വിരിഞ്ഞും
കായായി കനിഞ്ഞും നിലനില്ക്കുമാ
സത്യത്തെ ഓർക്കുക നാം
ജീവകണത്തിൽ അടിസ്ഥാനമിത്
വാനവരക്ഷതൻ കാവൽക്കാരനിത്
ജീവനുതകുന്ന ജീവിക്കും തളിർക്കുന്ന
പുല്ലിനും ആശയമിത് ഓർക്കുക നാം
എന്തൊക്കെ ചെയ്‌വിലും കാൺകിലും

അക്ഷര 9 എ

# കേരളനാട്



കേരളമെന്നൊരു നാടുണ്ട്
മലയാളികളുടെ നാടാണ്
കേരവൃക്ഷങ്ങളുടെ നാടാണ്
മലയാളികളുടെ നാടാണ്
പുഴകളുടെ നാടാണ്
മലകളുടെ നാടാണ്
അതല്ലോ നമ്മുടെ കേരളം

അമർ ചന്ദ്

# മാർഗദീപം

ലേഖനം

എന്തിനെക്കുറിച്ചും ഏതിനെക്കുറിച്ചും അറിയാനുള്ള ആഗ്രഹം കുട്ടികൾക്ക് പൊതുവെ കൂടുതലാണ്. ആ ആഗ്രഹത്തെ കൂടെ കൂട്ടി നല്ല കൈയടക്കത്തോടെ വായനയുടെ മായാലോകത്തെത്താനായാൽ ജീവിത വിജയം എന്ന കുഞ്ഞുണ്ണി മാഷിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാണ്.വിളഞ്ഞുപഴുത്ത ഒരു ഫലത്തിന്റെ മധുരവും മണവും കീടബാധയാലോ മറ്റു വിപരീത സാഹചര്യങ്ങളാലോ, കുരുടായ ഒരു ഫലവർഗ്ഗത്തി-നുണ്ടാകുമോ? കണ്ട കിണറ്റിലെ തവളക്കുഞ്ഞാകാൻ ഇന്നത്തെ നമ്മുടെ കുട്ടികൾ ബോധപൂർവ്വം ശ്രമിക്കില്ല എന്നത് ന്യായം. എന്നാൽ എന്ത് വായിക്കണം, വായിച്ചറിഞ്ഞവ എങ്ങനെ മനസ്സിലുറപ്പിക്കണം ഇങ്ങനെ നൂറുകണക്കിന്സംശയങ്ങൾകുട്ടികൾക്കുണ്ടാകും. ഇവിടെയാണ് രക്ഷിതാക്കളും അധ്യാപകരും ശ്രദ്ധിക്കേണ്ടത്.

എന്തും ഏതും വായിക്കാനും കൂട്ടത്തിൽ നല്ലതിനെ വേർതിരിച്ചറിയുന്നതിനും വേണ്ട കഴിവ് മുതിർന്നവർ വളർത്തിയെടുക്കുക.വായനയുടെ സുഖവും സൗന്ദര്യവും തിരിച്ചറിഞ്ഞ് അതിനെ ഏതെങ്കിലും ചിട്ടയിലോ ക്രമത്തിലോ തളച്ചിടാൻ ആരും ആഗ്രഹിക്കില്ല എന്നാൽ വായനയെ ഒരു ഹോബിയെന്ന നിലയിൽ

കാണാതിരിക്കാൻ ശ്രദ്ധിച്ചേ മതിയാകൂ.വളർച്ചയുടെ അടിസ്ഥാനമെന്ന കരുതേണ്ട വളരെ പ്രധാനപ്പെട്ട പ്രവർത്തനമായി, ഗൗരവമാർന്ന ഒരു കാര്യമായി കരുതേണ്ട ഒന്നാണ് വായന.

എല്ലാം വായിക്കുമ്പോഴും ചിലതിനൊക്കെ കൂടുതൽ പ്രാധാന്യം നൽകേണ്ടതായുണ്ട്.ജീവചരിത്രം, ആത്മകഥ,യാത്രാവിവരണം,ചരിത്രം,ഇംഗ്ലീഷ്-മലയാളം പത്രമാസികകൾ തുടങ്ങിയവ അതിൽപ്പെടും.ജീവചരിത്രവും ആത്മകഥയും മറ്റും പ്രശസ്തരുടെ ജീവിതത്തെ അടുത്തറിയാൻ സഹായിക്കുന്നു.അവരുടെ കുട്ടിക്കാലം,ജീവിതരീതികൾ അന്നത്തെ സാമൂഹിക സ്ഥിതി,പ്രതികൂല ജീവിതസാഹചര്യങ്ങൾ അവയെ അതിജീവിച്ച മാർഗ്ഗങ്ങൾ അങ്ങനെ ഒരോന്നും തൊട്ടറിഞ്ഞുള്ള യാത്ര വായനയുടെ ആത്മാർത്ഥത വർദ്ധിപ്പിക്കും അതിൽ കടന്നുവരുന്ന മറ്റു വ്യക്തികളെക്കുറിച്ച് അറിയാനുള്ള ശ്രമം വായനയെ ഒരു തുടർപ്രക്രിയയാക്കി മാറ്റും.

ഇന്നത്തെ കുട്ടികൾ വായനാശീലത്തിന്റെ കാര്യത്തിൽ വളരെ പിന്നിലായിരുന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രം.എന്നാൽ അതിൽ മുതിർന്നവർക്കുള്ള പങ്ക് ചെറുതായി കാണുന്നത് നന്നല്ല.

കുട്ടികളുടെ മാർഗദീപം എന്ന തലത്തിലേയ്ക്ക് ഉയരാൻ മുതിർന്നവരിൽ ചുരുക്കം ചിലർക്കേ കഴിയുന്നുള്ളൂ.

മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം വേറെയും. ഇത്തരമൊരു സവിശേഷ സാഹചര്യത്തിൽ ഇടയ്ക്കെങ്കിലും കിട്ടുന്ന സദുപദേശങ്ങളും നിർദ്ദേശങ്ങളും മറക്കാനും സ്വന്തമായ വായനാരീതി ഉണ്ടാക്കാനും കുട്ടികൾ തന്നെ മുൻകൈയെടുക്കേണ്ടിയിരിക്കുന്നു.

അതേ, നമുക്കിനി പതുക്കെ പറയാം,ഉറക്കെ കേൾക്കാം,വായിച്ച് ശീലിക്കാം,രസിച്ച് വായിക്കാം.

-പ്രജീഷ് .പി.എസ്
9.B

# ഉദ്ധരണികൾ

"കേട്ട ഗാനം മധുരം കേൾക്കാതെ ഗാനം മധുരതരം "

-ജോൺ കീറ്റ്സ്

"ക്ഷേത്രഗണിതത്തിലേക്ക് പാതകളില്ല"

-യൂക്ലിഡ്

"മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്"


-കാൾമാർക്സ്

"സ്വന്തം ഭാഷയിൽ നാം അഭിമാനം കൊള്ളണം"

-ഗാന്ധിജി

ആശാലക്ഷ്മി.എ.എസ്


Vishnu V S
10A


R.S 9B